പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 5604

18/11/2019 ൽ മറുപടി
നല്കേണ്ടത്.

# കോന്നി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ നവീകരണം

| ചോദ്യം<br>**ശ്രീ.കെ.യു. ജനീഷ് കുമാർ** | ഉത്തരം<br>**ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
|---|---|
| എ ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി നിയോജക മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ ആശുപത്രികളുടെ നവീകരണമാണ് നടത്തിയിട്ടുള്ളത്; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കാശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജെറിയാട്രിക് വാർഡ് നിർമ്മാണവും ബ്ലോക്ക് പഞ്ചായത്ത് maintenance grant ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മാണവും നടന്നുവരുന്നു. തണ്ണിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ആർദ്രം ഫണ്ടും എൽ.എസ്.ജി.ഡി യുടെ ഫണ്ടും ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊക്കാത്തോട് പി.എച്ച്.സിയിൽ ഒ.പി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. |
| ബി) ഇതിൽ കിഫ്ബി മുഖാന്തിരം നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം നൽകുമോ; | ബി) കിഫ്ബി മുഖാന്തിരം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. |
| സി) ഏതെല്ലാം ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഭരണാനുമതി ലഭ്യ | സി) കോന്നി താലൂക്കാശുപത്രിയിലെ ജറിയാട്രിക് വാർഡ്, ചുറ്റുമതിൽ, ചിറ്റാർ സി.എച്ച്.സിയിലെ ഒ.പി. കെട്ടിടം, ചിറ്റാർ സി.എച്ച്. സിയിലെ ആർദ്രം പദ്ധതിപ്രകാരമുള്ള |

| | | |
|---|---|---|
| | മായി പ്രവൃത്തികൾ ആരംഭി ച്ചത്; | നവീകരണ പ്രവൃത്തികൾ, ഏനാദിമംഗലം സി.എച്ച്.സി യിലെ നബാർഡ് ഫണ്ടും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും ചേർത്ത് മെറ്റേണിറ്റി വാർഡ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. സീതത്തോട് പി.എച്ച്.സിയിലും കൊക്കാത്തോട് പി.എച്ച്.സിയിലും മൈലപ്ര പി.എച്ച്.സിയിലും ആർദ്രം പദ്ധതി പ്രകാരമുള്ള നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ഡി) | ഇനി ഏതെല്ലാം പ്രവൃത്തികൾ ക്കാണ് ഭരണാനുമതി ലഭിക്കാനു ള്ളത്; വിശദവിവരം നൽകുമോ? | ഡി) കൂടൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് വഴി 50 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ